

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


18 നാട്ടുവാഴിവ്യവസ്ഥയും ഹിന്ദുമതവും . . . . . . . . . 1

1 ചാതുർവർണ്യത്തിന്റെ അപര്യാപ്തത . 2

2 സ്വതന്ത്രമായ വിശകലനത്തിന്റെ ആവശ്യകത . . . . . . . . . . . . . 3

3 ഫ്യൂഡലിസവും ഇന്ത്യയും . . . . . . . 4

4 ഇന്ത്യൻ നാട്ടുവാഴിത്തത്തിന്റെ സവിശേഷതകൾ . . . . . . . . . . 5

5 കൃഷിഭൂമിയുടെ വിതരണം . . . . . . 6

6 ഭൂദാനവും പൗരോഹിത്യവും . . . . . 7

7 വലിയവനും ചെറിയവനും . . . . . . 8

8 ഹിന്ദുമതത്തിന്റെ ആവിർഭാവം . . . . 9

9 ജാതിവ്യവസ്ഥ . . . . . . . . . . . . 10

10 ഐക്യവും വൈവിധ്യവും . . . . . . . 11

11 കർമ്മവും പുനർജന്മവും . . . . . . . 12

12 ശാസ്ത്രീയ–സാംസ്കാരിക പുരോഗതി . . 13

# 18

# നാട്ടുവാഴിവ്യവസ്ഥയും ഹിന്ദുമതവും

ഒന്നാമത്തെ ഗുപ്തരാജാവായ ചന്ദ്രഗുപ്തൻ ക്രിസ്ത്വാബ്ദം 320-ൽ മഗധയുടെ സിംഹാസനം കരസ്ഥമാക്കിയതോടുകൂടി ആരംഭിച്ച ഗുപ്തസാമ്രാജ്യത്തിന്റെ കാലഘട്ടം പല തരത്തിലും ഇന്ത്യയുടെ സാമ്പത്തിക സാംസ്കാരിക ചരിത്രത്തിലെ ഒരു സവിശേഷഘട്ടമാണ്. ഈ കാലഘട്ടം ഇന്ത്യാചരിത്രത്തിലെ പ്രാചീനയുഗത്തിന്റെ അന്ത്യത്തെയും മധ്യയുഗത്തിന്റെ ആരംഭത്തെയും കുറിക്കുന്നു.

## 1 ചാതുർവർണ്യത്തിന്റെ അപര്യാപ്തത

ഗുപ്തസാമ്രാജ്യത്തിന്റെ തകർച്ചയുടെയും പുറമെ നിന്നുള്ള ഹൂണന്മാരുടെ ആക്രമണം അഴിച്ചുവിട്ട കലക്കത്തിന്റെയും ആഭ്യന്തരമായ സംഘർഷങ്ങളുടെയും ഫലമായി സാമ്പത്തികവും സാമൂഹ്യവും മതപരവും ദാർശനികവുമായ എല്ലാ രംഗങ്ങളിലും ദൂരവ്യാപകങ്ങളായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹർഷൻ കനൗജിനെ കേന്ദ്രമാക്കിക്കൊണ്ട് പുതിയൊരു സാമ്രാജ്യം സ്ഥാപിച്ചത്. വളരെ വേഗം അദ്ദേഹം പഞ്ചാബ് മുതൽ ബംഗാൾ ഉൾക്കടൽ വരെയുള്ള പ്രദേശങ്ങളിലേക്കെല്ലാം തന്റെ ഭരണം വ്യാപിപ്പിച്ചു. ഈ കാലഘട്ടത്തിൽ തന്നെ വേറെയും ചില സാമ്രാജ്യങ്ങൾ ഉയർന്നുവന്നു. ബംഗാളിലെ പാലന്മാർ, ഗുജറാത്തിലെ ആഭീരന്മാർ, ദക്ഷിണേന്ത്യയിലെ ചാലൂക്യന്മാർ, പല്ലവന്മാർ, ചേരന്മാർ, ചോളന്മാർ എന്നിങ്ങനെ പലരും പുതിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചവരാണ്. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യയിലെ പല ഭാഗങ്ങളിലുമായി എഴുപതോളം സാമ്രാജ്യങ്ങളുണ്ടായിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ സാമ്രാജ്യങ്ങൾക്കുള്ളിലെ സാമ്പത്തികവ്യവസ്ഥയുടെയും സാമൂഹ്യഘടനയുടെയും സ്വഭാവമെന്തായിരുന്നു? കൃഷിയും കൈവേലകളും അഭിവൃദ്ധിപ്പെട്ടതിന്റെയും പുതിയ പ്രവൃത്തിവിഭജനങ്ങൾ ആവശ്യമായി വന്നതിന്റെയും ബുദ്ധമതചിന്തകന്മാരുടെ ആശയപരമായ ആക്രമണങ്ങളുടെയും ഫലമായി വർണ്ണവ്യവസ്ഥയിൽ ആഴമേറിയ കുഴപ്പങ്ങൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. ബ്രാഹ്മണരും ബൗദ്ധന്മാരും തമ്മിൽ നടന്ന സംഘട്ടനങ്ങൾ ഈ കുഴപ്പങ്ങളെ മൂർഛിപ്പിക്കാനേ സഹായിച്ചുള്ളൂ. എന്നല്ല, സാമൂഹ്യവളർച്ചയുടെ വ്യത്യസ്തനിലവാരങ്ങളിലുള്ള വിവിധ ജനവിഭാഗങ്ങളെ ഒരു വിപുലമായ സാമ്രാജ്യത്തിനുള്ളിൽ യോജിപ്പിച്ചുനിർത്താൻ നാലു വർണ്ണങ്ങളുടെ അതിർത്തിവരമ്പുകൾ തീരെ അപര്യാപ്തമായിരുന്നു. ചാതുർവർണ്യത്തിന്റെ സ്ഥാനത്ത് മധ്യകാലത്തെ സാമ്പത്തികസാമൂഹ്യ സാഹചര്യങ്ങൾക്കു പറ്റിയ പുതിയൊരു ഭരണവ്യവസ്ഥ ആവശ്യമായിത്തീർന്നു.

# 2 സ്വതന്ത്രമായ വിശകലനത്തിന്റെ ആവശ്യകത

ഇന്ത്യയിലെ സാമൂഹ്യജീവിതത്തിന്റെ വികാസപരിണാമങ്ങളും ഭരണസമ്പ്രദായങ്ങളിലും സാമൂഹ്യഘടനയുടെ രൂപങ്ങളിലും ഉണ്ടായ മാറ്റങ്ങളും എല്ലാം പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടായതുപോലെ തന്നെയാണെന്ന വാദിക്കുന്ന ചില ചരിത്രകാരന്മാരുണ്ട്. സമുദായത്തിന്റെ വളർച്ചയിൽ വഴിക്കുവഴിയായി പ്രാകൃത കമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നിങ്ങനെ അനിവാര്യങ്ങളായ അഞ്ചു ഘട്ടങ്ങളുണ്ടെന്നും ഈ വ്യത്യസ്ത സാമൂഹ്യഘടനകൾ മറ്റും എല്ലാ രാജ്യങ്ങൾക്കും ആവിർഭവിക്കുന്ന ക്രമവും അവയുടെ പൊതുസ്വഭാവങ്ങളും മൗലികനിയമങ്ങളും മറ്റും എല്ലാ രാജ്യങ്ങൾക്കും ഒരുപോലെ ബാധകമാണെന്നും സോവിയറ്റ് യൂണിയനിലെ ചില മാർക്സിസ്റ്റ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്ന ചില മാർക്സിസ്റ്റ് ഗ്രന്ഥകാരന്മാർ ഇന്ത്യയിലുമുണ്ട്. ഏംഗൽസിന്റെ "കുടുംബത്തിന്റെയും സ്വകാര്യസ്വത്തിന്റെയും ഭരണകൂടത്തിന്റെയും ഉത്ഭവം" എന്ന ഗ്രന്ഥത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ഇന്ത്യയിൽ പ്രാകൃത കമ്യൂണിസത്തിൽ നിന്ന് അടിമത്തവ്യവസ്ഥ ഉത്ഭവിച്ചു എന്നു സ്ഥാപിക്കാൻ എസ്. എ. ഡാംഗേ ശ്രമിക്കുകയുണ്ടായി. [1] പക്ഷേ, ഏംഗൽസ് തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചത് മുഖ്യമായും പ്രാചീന ഗ്രീസിലെയും റോമിലെയും സാമൂഹ്യഘടനകളിലുണ്ടായ മാറ്റങ്ങളെപ്പറ്റിയാണ്. ഏതെങ്കിലും ഒരു രാജ്യത്തിലുണ്ടായതുപോലെ തന്നെ മറ്റെല്ലാ രാജ്യങ്ങളിലും ഉണ്ടായിക്കൊള്ളണമെന്നില്ലെന്നും സാമൂഹ്യഘടനകളുടെ സ്വഭാവങ്ങൾ മനസ്സിലാക്കാൻ ഒരോ രാജ്യത്തിന്റെയും ചരിത്രം പ്രത്യേകമായി പഠിച്ചു വിശകലനം ചെയ്യേണ്ടതാവശ്യമാണെന്നും അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. യൂറോപ്യൻ രാജ്യങ്ങളും ഇന്ത്യ, ചൈന തുടങ്ങിയ പൗരസ്ത്യ രാജ്യങ്ങളും തമ്മിലുള്ള വ്യത്യാസം ഊന്നിക്കാണിക്കാൻ വേണ്ടി മാർക്സ് "ഏഷ്യാറ്റിക്ക് സമുദായം" എന്ന ഒരു പ്രത്യേകപദം തന്നെ ഉപയോഗിക്കുകയുണ്ടായി.

ഇതിന്റെ അർത്ഥം ഇന്ത്യയിലെ സ്വത്തുടമ ബന്ധങ്ങളിൽ അടിമ, ഉടമ എന്ന വർഗ്ഗവ്യത്യാസം ഒരിടത്തും ഉണ്ടായിരുന്നില്ല എന്നല്ല, ഗ്രീക്ക–റോമൻ സമുദായങ്ങളിൽ പ്രത്യക്ഷപ്പെട്ടതുപോലെയുള്ള ഒരടിമത്തവ്യവസ്ഥ ഇന്ത്യയിൽ രൂപംകൊള്ളുകയുണ്ടായില്ല എന്നു മാത്രമാണ്. മുമ്പൊരദ്ധ്യായത്തിൽ പ്രസ്താവിച്ചു കഴിഞ്ഞതുപോലെ, ഇന്ത്യയിലെ കുലഗോത്രവ്യവസ്ഥയുടെ തകർച്ചയിൽ നിന്ന് അടിമത്തവ്യവസ്ഥയല്ല, വർണ്ണവ്യവസ്ഥയാണ് ആവിർഭവിച്ചത്. അതുതന്നെ എല്ലായിടത്തും ഒരുപോലെ പരന്നുപിടിക്കുകയുണ്ടായില്ല താനും. ഈ അസമമായ വളർച്ച ഇന്ത്യാചരിത്രത്തിൽ ഉടനീളം കാണാം.

---

1. S. A. Dange: India from Primitive Communism to Slavery.

## 3 ഫ്യൂഡലിസവും ഇന്ത്യയും

മധ്യകാലത്തെ സാമൂഹ്യവ്യവസ്ഥയെ സംബന്ധിച്ചും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് ആധുനിക ചരിത്രകാരന്മാർ പ്രകടിപ്പിച്ചിട്ടുള്ളത്. ക്രിസ്ത്വബ്ദം അഞ്ചാം നൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനുമിടയിൽ ലോകത്തിലൊട്ടുക്കും ഫ്യൂഡലിസമാണ് നിലനിന്നു പോന്നത് എന്നും ഇക്കാര്യത്തിൽ ഇന്ത്യ ഒരപവാദമല്ലെന്നും ശിവചന്ദ്ര ഝാ അഭിപ്രായപ്പെടുന്നു. [2] മൗര്യവംശത്തിനു ശേഷം, പ്രത്യേകിച്ചും ഗുപ്തരാജാക്കന്മാരുടെ കാലത്ത്, ഇന്ത്യയിൽ ഫ്യൂഡലിസം ആവിർഭവിച്ചു എന്നും പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടി അത് മൂർദ്ധന്യദശ കടന്ന് ക്ഷയിക്കാൻ തുടങ്ങി എന്നുമാണ് രാമശരൺ ശർമ്മ വിശ്വസിക്കുന്നത്. [3] നേരെമറിച്ച്, പന്ത്രണ്ടാം നൂറ്റാണ്ടിനു മുമ്പ്, അതായത് വിദേശങ്ങളിൽ നിന്നുള്ള മുസ്ലിം രാജാക്കന്മാരുടെ ആക്രമണങ്ങൾക്ക് മുമ്പ്, ഇന്ത്യയിൽ ഫ്യൂഡലിസമുണ്ടായിരുന്നില്ലെന്നാണ് ബഷാം കരുതുന്നത്. [4] കോസാംബിയാകട്ടെ, യൂറോപ്പിലുണ്ടായ മാതിരിയിലുള്ള ഒരു ഫ്യൂഡലിസം ഇന്ത്യയിലുണ്ടായിട്ടില്ലെന്ന് ഉറപ്പിച്ചു പറയുന്നു എങ്കിലും, ഇന്ത്യയിലെ സാമൂഹ്യഘടനയെ വിശേഷിപ്പിക്കാൻ ഫ്യൂഡലിസം എന്ന പദമുപയോഗിക്കുന്നതിൽ അദ്ദേഹം തെറ്റൊന്നും കാണുന്നില്ല. ഇന്ത്യയിലെ ഫ്യൂഡലിസത്തെ മൂന്നു ഘട്ടങ്ങളായി അദ്ദേഹം തരംതിരിക്കുന്നു. മൗര്യന്മാരുടെ കാലത്ത് നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥയ്ക്ക് പ്രാക്ഫ്യൂഡലിസം എന്നാണ് അദ്ദേഹം പേരിടുന്നത്. ഗുപ്തന്മാരുടെ കാലത്ത് മുകളിൽ നിന്നുള്ള ഫ്യൂഡലിസവും ഹർഷന്റെ കാലത്ത് ചുവട്ടിൽ നിന്നുള്ള ഫ്യൂഡലിസവും തുടങ്ങി എന്നദ്ദേഹം പറയുന്നു. ചക്രവർത്തിയോ അതിശക്തനായ ഒരു രാജാവോ തന്റെ കീഴിലുള്ള ചെറുകിടക്കാരായ രാജാക്കന്മാരിൽ നിന്നോ നാടുവാഴികളിൽ നിന്നോ കപ്പം വാങ്ങുന്ന സമ്പ്രദായമാണ് മുകളിൽ നിന്നുള്ള ഫ്യൂഡലിസം. ഭരണകൂടത്തിനും കൃഷിക്കാർക്കുമിടയിൽ ഭൂവുടമകൾ എന്ന ഒരു പ്രത്യേകവർഗ്ഗം ആവിർഭവിച്ചതിനു ശേഷമാണ് ചുവട്ടിൽ നിന്നുള്ള ഫ്യൂഡലിസം തുടങ്ങിയത്. ഭൂവുടമകൾക്ക് സൈനികപദവി കൂടി ഉണ്ടായിരുന്നതുകൊണ്ട് അവർ ഒരു ഭാഗത്ത് മുകളിലുള്ള ഭരണകൂടവുമായി ബന്ധം വെയ്ക്കുകയും അതേ സമയത്ത് ചുവട്ടിലുള്ള കൃഷിക്കാരെ ചൂഷണം ചെയ്ത് സ്വത്തു സമ്പാദിക്കുകയും ചെയ്തുപോന്നു. [5]

ഈ തർക്കവിഷയത്തിലേക്കു കടക്കുന്നതിനു മുമ്പ് എന്താണ് ഫ്യൂഡലിസം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഉൽപ്പാദനത്തിൽ ‘സെർഫുകൾ’ എന്ന പേരിലറിയപ്പെടുന്ന അടിയാളന്മാർ മുഖ്യമായ പങ്കു വഹിക്കുന്ന ഒരു സാമ്പത്തികവ്യവസ്ഥ എന്ന അർത്ഥത്തിലാണ് പല യൂറോപ്യൻ ഗ്രന്ഥകാരന്മാരും ഫ്യൂഡലിസത്തെ നിർവചിച്ചിട്ടുള്ളത്. ഈ വ്യവസ്ഥയിൽ സാമ്പത്തികചൂഷണം മാത്രമല്ല, സാമ്പത്തികേതരങ്ങളായ നിർബന്ധങ്ങളും നിബന്ധനകളും അടങ്ങിയിരിക്കുന്നു. കൃഷിക്കാർക്ക് സ്വന്തമെന്നു കരുതാവുന്ന ഓരോ തുണ്ടു ഭൂമിയുണ്ടാകും. പക്ഷേ, അവർ പ്രഭുക്കന്മാരുടെ നിലങ്ങളിൽ പോയി പണിയെടുക്കണം. പ്രഭുക്കന്മാർക്ക് പല തരത്തിലുള്ള സൗജന്യ സേവനങ്ങൾ നൽകണം. ഈ അർത്ഥത്തിലാണ് ഫ്യൂഡലിസം അടിയായ്മ വ്യവസ്ഥയ്ക്ക് തുല്യമാണെന്ന് മോറിസ് ഡോബ് പറയുന്നത്. [6] ഈ നിർവചനമനുസരിച്ചുള്ള ഒരു ഫ്യൂഡലിസമാണ് ഇന്ത്യയിൽ നിലനിന്നു പോന്നത് എന്നുപറയാൻ വയ്യ. പശ്ചിമ യൂറോപ്പിലെ അടിയാളന് കുടിൽ കെട്ടിപ്പാർക്കാനും കൃഷി ചെയ്യാനും പറ്റിയ ഒരു തുണ്ടും ഭൂമി സ്വന്തമാക്കി വെയ്ക്കാൻ അനുവാദമുണ്ടായിരുന്നു. അതിന് പകരമായിട്ടാണ് അയാൾ പ്രഭുവിന്റെ എസ്റ്റേറ്റിൽ പോയി സൗജന്യമായും നിർബന്ധമായും പണിയെടുത്തിരുന്നത്. ഇത്തരത്തിലുള്ള ബാദ്ധ്യതകളല്ല ഇന്ത്യയിലെ കൃഷിക്കാർക്കുണ്ടായിരുന്നത്. ഇന്ത്യയിലെ സാമൂഹ്യവ്യവസ്ഥ ഫ്യൂഡലിസമാണെന്നു വാദിച്ച കോവലേവ്സ്കി എന്ന റഷ്യൻ പണ്ഡിതന്റെ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ട് അടിയായ്മ വ്യവസ്ഥ ഇന്ത്യയിൽ പ്രാമുഖ്യം വഹിക്കുകയുണ്ടായില്ലെന്ന് മാർക്സ് ചൂണ്ടിക്കാണിച്ചത് ഇവിടെ പ്രസ്താവ്യമാണ്. എന്നാൽ, ഈ പ്രസ്താവനയെയും യാന്ത്രികമായി എടുത്തുകൂടാ. എന്തെന്നാൽ, മധ്യയുഗത്തിന്റെ അവസാനഘട്ടത്തിൽ പാശ്ചാത്യരീതിയിലുള്ള അടിയായ്മവ്യവസ്ഥയുടെ ചില പ്രധാന ഘടകങ്ങൾ ഇന്ത്യയിലെ ചില പ്രദേശങ്ങളിലെങ്കിലും നിലനിന്നിരുന്നു എന്നതിനു തെളിവുകളുണ്ട്. എങ്കിലും പൊതുവിൽ പറഞ്ഞാൽ, പാശ്ചാത്യ യൂറോപ്പിൽ ഉണ്ടായിരുന്നതുപോലെയുള്ള ഒരു ഫ്യൂഡൽ വ്യവസ്ഥ ഇന്ത്യയിലെ ഉൽപ്പാദനബന്ധങ്ങളിൽ ആധിപത്യം വഹിക്കുകയുണ്ടായില്ലെന്നു കാണാം.

മധ്യകാലത്തെ ഭാരതീയ സാമൂഹ്യഘടനയെ ഫ്യൂഡലിസം എന്നു വിളിക്കണോ അതോ മാർക്സ് വിശേഷിപ്പിച്ചതുപോലെ, “ഏഷ്യാറ്റിക് സമുദായം” എന്നു വിളിക്കണോ എന്നതല്ല പ്രധാനമായ പ്രശ്നം. ഇന്ത്യയുടെ സാമൂഹ്യഘടനയുടെ സവിശേഷതകളെ സമൂർത്തമായി പരിശോധിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. പദപ്രയോഗങ്ങളെച്ചൊല്ലിയുള്ള തർക്കങ്ങൾ സമൂർത്തമായ പരിശോധനയുടെ സ്ഥാനം ഏറ്റെടുത്തുകൂടാ.

ശരിക്കു പരിശോധിച്ചാൽ, മധ്യകാലത്തെ യൂറോപ്യൻ സാമൂഹ്യവ്യവസ്ഥയിലും ഇന്ത്യയുടെ സാമൂഹ്യവ്യവസ്ഥയിലും പൊതുവായ ചില ഘടകങ്ങളുണ്ടായിരുന്നു എന്നു കാണാം. രണ്ടു വ്യവസ്ഥകളിലും കൃഷിയായിരുന്നു ജനങ്ങളുടെ മുഖ്യമായ ഉപജീവനമാർഗ്ഗം. കാർഷികോപകരണങ്ങൾ വളരെ അപരിഷ്കൃതങ്ങളായിരുന്നു. കൃഷിക്കാർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ മുഴുവനും സ്വന്തമായി അനുഭവിക്കാൻ കിട്ടിയിരുന്നില്ല. അതിലൊരുഭാഗം വ്യത്യസ്തമാർഗ്ഗങ്ങളിലൂടെ മേലാളരുടെ കയ്യിലെത്തിച്ചേർന്നിരുന്നു. നേരിട്ടു കൃഷി ചെയ്യുന്നവരുടെ അദ്ധ്വാനഫലം തട്ടിയെടുക്കാനുള്ള സാഹചര്യമായിരുന്നു മേലാളരുടെ അധികാരശക്തിയുടെ അടിസ്ഥാനം.

---

2. Shiv Chandra Jha: Studies in the Development of Indian Capitalism, P. 2.
3. Ram Saran Sarma: Indian Feudalism.
4. A. L. Basham: The Wonder that was India, PP. 93–94.
5. D. D. Kosambi: Introduction to the study of Indian History.
6. Maurice Dobb: Studies in the Development of Capitalism, P. 35.

## 4 ഇന്ത്യൻ നാടുവാഴിത്തത്തിന്റെ സവിശേഷതകൾ

എന്നാൽ, അതിപ്രധാനമായ ചില വ്യത്യാസങ്ങളും കാണാം. യൂറോപ്പിൽ ഗ്രാമപ്രദേശങ്ങളും പട്ടണപ്രദേശങ്ങളും തമ്മിലുള്ള അന്തരം വളരെ വലുതായിരുന്നു. ഇന്ത്യയിലാകട്ടെ, രാജധാനികളിൽ നിന്ന് അകന്നുനിൽക്കുന്ന പട്ടണങ്ങൾ കുറവായിരുന്നു. മിക്കവാറും സ്വയം പര്യാപ്തങ്ങളായ ഗ്രാമസമുദായങ്ങളായിരുന്നു ഭരണവ്യവസ്ഥയുടെ അടിത്തറ. ഗ്രാമസമുദായങ്ങളിൽ കൃഷിയും കൈവേലകളും കൂട്ടിയിണക്കപ്പെട്ടിരുന്നു. അതോടൊപ്പം തന്നെ ചാതുർവർണ്യത്തിന്റെയും കുലഗോത്രവ്യവസ്ഥയുടെയും അവശിഷ്ടങ്ങൾ പരസ്പരം കെട്ടിപ്പിണഞ്ഞുകൊണ്ടു നിലനിന്നു. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങളും ജാതിവ്യവസ്ഥയും വളർന്നുവന്നത് കെട്ടിപ്പിണഞ്ഞ ഈ സാമൂഹ്യവ്യവസ്ഥയ്ക്കുള്ളിലാണ്. ചില പ്രദേശങ്ങളിൽ കുലഗോത്രവ്യവസ്ഥയുടെ അവശിഷ്ടങ്ങൾ കൂടുതലായിരുന്നുവെങ്കിൽ മറ്റു ചില പ്രദേശങ്ങളിൽ ചാതുർവർണ്യത്തിന്റെ അവശിഷ്ടങ്ങൾക്കായിരുന്നു പ്രാമുഖ്യം. പഴയതു പൂർണ്ണമായി മാഞ്ഞുപോകാതെ പുതിയതിനുള്ളിൽ ജീവിക്കുന്നതിന്റെ ഈ ചിത്രം ഇന്ത്യയുടെ ഇന്നുവരെയുള്ള പാരമ്പര്യത്തിനു ചേർന്നതാണ്. പാശ്ചാത്യരാജ്യങ്ങളിൽ സംഭവിച്ചതുപോലെ പഴയതും പുതിയതും തമ്മിലുള്ള സംഘട്ടനങ്ങൾ അത്ര രൂക്ഷമാകാതിരിക്കാനുള്ള ഒരു കാരണവും ഇതുതന്നെയാകാം.

കൃഷിഭൂമിയുടെ കൂട്ടുടമസ്ഥത, ഔപചാരികാർത്ഥത്തിലാണെങ്കിലും, തുടർന്നു നിലനിന്നുപോന്നു എന്നതാണ് മറ്റൊരു പ്രത്യേകത. ജനസംഖ്യ വർദ്ധിക്കുമ്പോൾ വനഭൂമികളും തരിശുഭൂമികളും കൃഷിയോഗ്യമാക്കി മാറ്റേണ്ടതാവശ്യമായിരുന്നു. കൂട്ടായ കഠിനാദ്ധ്വാനം കൊണ്ടേ ഇതു സാദ്ധ്യമായിരുന്നുള്ളൂ. അതുകൊണ്ട് ഭൂമി എല്ലാവരുടേതും കൂടിയാണ് എന്ന ധാരണ ആദ്യം മുതൽക്കേ നിലനിന്നുപോന്നു. കൃഷി ചെയ്യാനുള്ള സൗകര്യത്തിനു വേണ്ടി ഭൂമി കുടുംബങ്ങൾ, അല്ലെങ്കിൽ അനേകം കുടുംബങ്ങളടങ്ങിയ തറവാടുകൾ, വീതിച്ചെടുക്കുക പതിവായിരുന്നു. ഒരു പൂവൽ കൃഷിക്കുവേണ്ടി മാത്രമാണ് വിഭജനം തുടങ്ങിയത്. പിന്നീടത് ജീവിതകാലത്തേക്കായി. ക്രമത്തിൽ പൈതൃകാവകാശമെന്ന നിലയ്ക്ക് ഭൂമി കൈവശം വെച്ചു കൃഷി ചെയ്യുക സാധാരണമായിത്തീർന്നു. അപ്പോഴും മേച്ചിൽസ്ഥലങ്ങളും കാടുകളും മറ്റും പൊതുസ്ഥലങ്ങളായിത്തന്നെ നിലനിന്നു.

ഇന്ത്യ അതിവിസ്തൃതമായ ഒരു രാജ്യമാണ്. വ്യത്യസ്തഭാഗങ്ങളിൽ വ്യത്യസ്തങ്ങളായ ഭൂവ്യവസ്ഥകളാണ് നിലനിന്നുപോന്നത്. ചില സ്ഥലങ്ങളിൽ കൂട്ടുടമസ്ഥതയ്ക്കായിരുന്നു പ്രാധാന്യം. മറ്റുചില സ്ഥലങ്ങളിൽ കർഷക കുടുംബങ്ങൾ ഭൂമിയിൽ കൃഷി ചെയ്യാനുള്ള സ്ഥിരാവകാശം നേടി. വേറെ ചില സ്ഥലങ്ങളിൽ സ്ഥിരാവകാശം ജന്മാവകാശത്തിന്റെ രൂപം കൈക്കൊണ്ടു.

## 5 കൃഷിഭൂമിയുടെ വിതരണം

മൗര്യന്മാരുടെ കാലത്ത് നേരിട്ടു പണിചെയ്യുന്ന കൃഷിക്കാർക്ക് ഭൂമി താൽക്കാലികമായി ഏൽപ്പിച്ചുകൊടുക്കുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. “കൃഷിയോഗ്യമായ ഭൂമി നികുതിദായകർക്കു അവരുടെ ജീവിതകാലത്തേക്കു മാത്രമായി കൊടുക്കാവുന്നതാണ്” എന്നും “കൃഷി നടത്താത്തവരിൽ നിന്ന് ഭൂമി പിടിച്ചെടുത്ത് മറ്റുള്ളവർക്ക് നൽകാവുന്നതാണ്” എന്നും കൗടില്യൻ നിർദ്ദേശിച്ചു. [7] ഈ സമ്പ്രദായം മൗര്യന്മാർക്ക് ശേഷവും വളരെക്കാലം തുടർന്നുപോന്നു. ആറാം നൂറ്റാണ്ടിലോ ഏഴാം നൂറ്റാണ്ടിലോ രചിക്കപ്പെട്ട ശുക്രനീതിസാരം ഇങ്ങനെ അനുശാസിക്കുന്നു: “രാജാവ് തന്റെ അവകാശം നഷ്ടപ്പെട്ടുപോകത്തക്ക വിധത്തിൽ ഒരംഗുലം ഭൂമിപോലും ആർക്കും വിട്ടുകൊടുക്കരുത്. എന്നാൽ, കൃഷിക്കാരുടെ ഉപജീവനത്തിനു ഭൂമി നൽകാവുന്നതാണ്. പക്ഷേ, അങ്ങനെ നൽകുന്നത് ആ കൃഷിക്കാർ ജീവിച്ചിരിക്കുന്ന കാലത്തേക്ക് മാത്രമാകണം”. ശുക്രനീതി തന്നെ ഇങ്ങനെയും നിർദ്ദേശിക്കുന്നു: “രാജാവ് ഓരോ കർഷകനും തന്റെ സ്വന്തം മുദ്രയുള്ള പാട്ടച്ചീട്ടു കൊടുക്കണം. ഗ്രാമത്തിന്റെ നികുതി നിശ്ചയിച്ചതിനുശേഷം അത് ധനികനായ ഒരാളിൽ നിന്നു മുൻകൂറായി വാങ്ങണം. അല്ലെങ്കിൽ മാസംതോറുമോ ഋതുക്കൾ തോറുമോ അടച്ചുതീർക്കുമെന്നതിനുള്ള ഉറപ്പു വാങ്ങണം; അതുമല്ലെങ്കിൽ രാജാവ് തനിക്ക് ലഭിക്കുന്നതിന്റെ പതിനാറിലൊരു ഭാഗമോ പന്ത്രണ്ടിലൊരു ഭാഗമോ എട്ടിലൊരു ഭാഗമോ ആറിലൊരു ഭാഗമോ പ്രതിഫലമായി നൽകുമെന്ന വ്യവസ്ഥയിൽ ഗ്രാമപന്മാർ എന്നു വിളിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കണം”. [8]

രാജാവ് നിയമിച്ച ഈ ഗ്രാമപന്മാർ അഥവാ ഗ്രാമപ്രധാനികൾ, രാജാവിന്റെ പേരിലാണ് തങ്ങളുടെ അധികാരം നിലനിർത്തിപ്പോന്നത്. അവർ ഭൂമി കൃഷി ചെയ്യുന്നതിനുവേണ്ടി കൃഷിക്കാരെ ഏൽപ്പിക്കുകയും അവരിൽ നിന്ന് ഉൽപ്പന്നത്തിന്റെ ഒരു ഭാഗം വസൂലാക്കുകയും ചെയ്തുപോന്നു. ഈ ഭാഗത്തിൽ നിന്ന് ഒരു പങ്ക് രാജാവിനു കൊടുക്കും. ബാക്കി സ്വന്തം അറകളിൽ നിറയ്ക്കും. അങ്ങനെ ഗ്രാമപന്മാർ ഫലത്തിൽ ഭൂപ്രഭുക്കളായിത്തീർന്നു. സാവധാനത്തിലുണ്ടായ ഈ മാറ്റമാണ് ഇന്ത്യയിലെ നാടുവാഴി വ്യവസ്ഥയുടെ ഒരു പ്രത്യേകരൂപത്തിനു വഴിതെളിച്ചത്.

രാജാവിന്റെ ഉദ്യോഗസ്ഥന്മാർ മേൽജാതികളിൽ പെട്ടവരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു തന്നെ അവർക്ക് പലതരം പ്രത്യേകാവകാശങ്ങളുണ്ടായിരുന്നു. ചിലപ്പോൾ അവർക്ക് സ്വന്തമായി ഭൂമി പതിച്ചുകിട്ടിയിരുന്നു. “ഗവർണർമാർക്കും മന്ത്രിമാർക്കും മജിസ്ട്രേട്ടുമാർക്കും മറ്റു സർക്കാർ ഉദ്യോഗസ്ഥന്മാർക്കും അവരുടെ സ്വന്തം ഉപയോഗത്തിനായി ഭൂമി പതിച്ചുകൊടുത്തു” എന്ന് ഏഴാം നൂറ്റാണ്ടിൽ, ഹർഷന്റെ കാലത്ത്, ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരി ഹുയാൻത്സാങ് രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷി ചെയ്യാൻ അനുവദിച്ചു കിട്ടിയ ഭൂമി ക്രമത്തിൽ അവരുടെ സ്വന്തമായിത്തീർന്നു. അങ്ങനെ സാവധാനത്തിലാണെങ്കിലും ഗ്രാമസമുദായത്തിനുള്ളിൽ ഒരു സമ്പന്നവർഗ്ഗം ഉയർന്നുവന്നു.

കപ്പം കൊടുത്തുകൊണ്ട് ചക്രവർത്തിയുടെ മേൽക്കോയ്മയെ അംഗീകരിച്ച ധാരാളം പ്രാദേശികരാജാക്കന്മാരും സാമന്തന്മാരും നാടുവാഴികളും മൗര്യസാമ്രാജ്യത്തിന്റെ കാലം മുതൽക്കു തന്നെ നിലനിന്നുപോന്നിരുന്നു. അവർ താന്താങ്ങളുടെ അതിർത്തികൾക്കുള്ളിൽ, ചക്രവർത്തി ഇടപെടുമെന്ന ഭയമില്ലാതെ, തന്നിഷ്ടംപോലെ ഭരണം നടത്തിപ്പോന്നു. കൃഷിക്കാർ പണിയെടുത്തുണ്ടാക്കിയ ഉൽപ്പന്നങ്ങളുടെ നല്ലൊരു ഭാഗം അവരുടെ പത്തായങ്ങളിലെത്തിച്ചേർന്നു. പേരിന് പൊതുവുടമയിലായിരുന്ന ഭൂമി ഫലത്തിൽ അവരുടെ നിയന്ത്രണത്തിലായിത്തീർന്നു. സൈനിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയോ മറ്റു തരത്തിൽ ചക്രവർത്തിയെ സഹായിക്കുകയോ ചെയ്ത സാമന്തന്മാരും നാടുവാഴികളും കപ്പങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുക പതിവായിരുന്നു. ഫലത്തിൽ രാഷ്ട്രീയാധികാരവും സാമ്പത്തികാധികാരവും അവരുടെ കൈകളിലൊതുങ്ങുക എന്നായിരുന്നു ഇതിനർത്ഥം. മേൽക്കോയ്മ നാമമാത്രമായിരുന്നു. നാടുവാഴി വ്യവസ്ഥ വളർന്നുവന്നതിന്റെ മറ്റൊരു രൂപമാണിത്.

---

7. കൗടില്യന്റെ അർത്ഥശാസ്ത്രം II. i. 47.
8. ശുക്രനീതി IV. 2.

## 6 ഭൂദാനവും പൗരോഹിത്യവും

മൗര്യസാമ്രാജ്യത്തിന്റെ കാലത്തുതന്നെ ബൗദ്ധസന്യാസി മഠങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി ഭൂമി ദാനം ചെയ്യുന്ന ഏർപ്പാടുണ്ടായിരുന്നു. പിന്നീട് വൈദിക ബ്രാഹ്മണരുടെ നേതൃത്വത്തിലുള്ള ക്ഷേത്രങ്ങളുടെ നടത്തിപ്പിനും ഭൂമി ദാനം ചെയ്യപ്പെട്ടു. അങ്ങനെ ക്ഷേത്രങ്ങളുടെ നടത്തിപ്പുകാരും പ്രമാണിമാരായിത്തീർന്നു. ചിലപ്പോൾ ബ്രാഹ്മണർക്കായിത്തന്നെ ഭൂമി ദാനം ചെയ്യപ്പെട്ടിരുന്നു. അവരുടെ മതപരമായ സേവനങ്ങൾക്കു പ്രതിഫലമായും ദാതാക്കളുടെ ആത്മീയോൽക്കർഷത്തിനു വേണ്ടിയും രണ്ടാം പ്രവരസേനൻ എന്ന ഒരു രാജാവ് ആയിരം ബ്രാഹ്മണർക്കായി ഒരു ഗ്രാമം മുഴുവൻ ദാനം ചെയ്ത കഥ ശർമ്മ വിവരിക്കുന്നുണ്ട്. ഇത്തരം ഗ്രാമദാനങ്ങൾക്ക് ചില പ്രത്യേക നിബന്ധനകളുണ്ടായിരുന്നു. "അവർ രാജദ്രോഹം ചെയ്യരുത്; ബ്രഹ്മഹത്യ ചെയ്യരുത്; മോഷ്ടിക്കരുത്; വ്യഭിചരിക്കരുത്; രാജാവിന് വിഷം കൊടുക്കരുത്; യുദ്ധം നടത്തരുത്; മറ്റു ഗ്രാമങ്ങൾക്കു ദ്രോഹം ചെയ്യരുത്". [9] ഇതൊക്കെയായിരുന്നുവത്രേ നിബന്ധനകൾ.

സന്യാസിമഠങ്ങൾക്ക് പാടങ്ങളും തോട്ടങ്ങളും കന്നുകാലികളും ദാനം ചെയ്യപ്പെട്ടിരുന്നതായി നാലാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് തീർത്ഥാടകൻ ഫാഹിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്. കന്നുകാലികളോടൊപ്പം അവയെ നോക്കിപ്പോറ്റാനുള്ള ആളുകളും നൽകപ്പെട്ടിരുന്നു. ഗുപ്തകാലഘട്ടത്തിനുശേഷം വ്യക്തികൾക്കും മതസ്ഥാപനങ്ങൾക്കുമുള്ള ഇത്തരം ദാനങ്ങൾ വർദ്ധിക്കുകയാണ് ചെയ്തത്. ആരംഭകാലത്ത് പ്രത്യേകിച്ചും, അവ ഭൂമിയുടെ യഥാർത്ഥത്തിലുള്ള ഉടമാവകാശം കൈമാറ്റം ചെയ്യലായിരുന്നില്ല. ഭൂമി കൈവശം വെച്ച് അനുഭവിക്കാനും നികുതി പിരിക്കാനുമുള്ള അവകാശവും മാത്രമാണ് നൽകപ്പെട്ടിരുന്നത്. എങ്കിലും അത് ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ പുതിയൊരു പുരോഹിതവർഗ്ഗം ഉയർന്നുവന്നതിനു കളമൊരുക്കുകയും നാടുവാഴി മേധാവിത്വത്തിന് ഒരടിത്തറ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു.

---

9. R. S. Sarma: Aspects of Political ideas and Institutions in Ancient India, P. 204.

# 7 വലിയവനും ചെറിയവനും

ഏറ്റവും മുകളിൽ രാജാവ്; രാജാവിന്റെ കീഴിൽ സാമന്തന്മാരും നാട്ടുവാഴികളും; അവർക്കു താഴെ പല തരത്തിലുള്ള ഭൂപ്രഭുക്കൾ; ഏറ്റവും താഴത്തെ പടിയിൽ പണിയെടുക്കുന്ന കൃഷിക്കാർ; എല്ലാവരുടെയും മതകാര്യങ്ങളന്വേഷിക്കാൻ സ്വത്തുടമസ്ഥന്മാരായ മതനേതാക്കന്മാർ. നേരിട്ടദ്ധ്വാനിച്ച് കൃഷി ചെയ്യുന്നവരും നാട്ടുവാഴികളും തമ്മിലും നാട്ടുവാഴികളും രാജാവും തമ്മിലുമുള്ള ബന്ധങ്ങൾക്ക് പല രൂപങ്ങളുണ്ടായിരുന്നു. ചില ഗ്രാമസമുദായങ്ങളിൽ വിളവിന്റെ ഒരു നിശ്ചിതഭാഗം നേരിട്ടു രാജാവിനു കൊടുക്കുകയായിരുന്നു പതിവ്. മറ്റു ചില സമുദായങ്ങളിൽ ഇടത്തട്ടുകാരായ നാട്ടുവാഴികളാണ് നികുതി വസൂലാക്കിയിരുന്നത്. ചില സ്ഥലങ്ങളിൽ കൃഷിക്കാർ നിശ്ചിതവ്യവസ്ഥകളിൽ നിശ്ചിതകാലത്തേക്ക് നാട്ടുവാഴികളിൽ നിന്ന് ഭൂമി ഏറ്റെടുത്തു കൃഷി ചെയ്യുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. സ്വകാര്യസ്വത്തുള്ള സ്വതന്ത്രരായ കൃഷിക്കാരുമുണ്ടായിരുന്നു. ഇങ്ങനെ വളരെയധികം സങ്കീർണ്ണമായ ഒരു സാമൂഹ്യവ്യവസ്ഥയാണ് നിലനിന്നിരുന്നത്. എന്നാൽ, ഈ സാമൂഹ്യവ്യവസ്ഥയിലെ സാമ്പത്തിക–രാഷ്ട്രീയഘടനകളിൽ എന്തൊക്കെത്തന്നെ മാറ്റമുണ്ടായാലും നാട്ടുവാഴികൾക്ക് കൃഷിക്കാരുൽപ്പാദിപ്പിക്കുന്ന വിളവിന്റെ ഒരു ഭാഗം വസൂലാക്കാനുള്ള അവകാശമല്ലാതെ ഭൂമിയുടെ മേൽ ജന്മാവകാശമുണ്ടായിരുന്നില്ല എന്നതു ശ്രദ്ധേയമത്രേ. ബ്രിട്ടീഷുഭരണത്തിന്റെ ആരംഭകാലം വരെ ഇത്തരം ഗ്രാമസമുദായ വ്യവസ്ഥയാണ് നിലനിന്നു പോന്നത്.

പ്രാചീനേന്ത്യയിലെ കുലഗോത്രസമുദായത്തിൽ നിന്നു വ്യത്യസ്തമായി വിവിധവർഗ്ഗങ്ങളുടെ ഒരു സംയുക്തഘടകമെന്ന നിലയ്ക്കാണ് മധ്യകാലത്തെ ഗ്രാമസമുദായങ്ങൾ വികസിച്ചത്. മുഖ്യമായി നാലുതരം ജനവിഭാഗങ്ങളാണുണ്ടായിരുന്നത്: ഏറ്റവും മുകളിൽ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർ, പുരോഹിതന്മാർ, ഗ്രാമഭരണകർത്താക്കൾ, നാട്ടുവാഴികൾ മുതലായവരുൾപ്പെടുന്ന ഉപരിവർഗ്ഗം. ഏറ്റവും നല്ല ഭൂമിയെല്ലാം അവരുടെ നിയന്ത്രണത്തിലായിരുന്നു. സ്വതന്ത്രരായ കർഷകന്മാരുടെ കുടുംബങ്ങൾ രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നു. അവരുടെ നിയന്ത്രണത്തിലും ഭൂമിയുണ്ടായിരുന്നു. അവരുടെ കീഴിൽ നേരിട്ടു കൃഷി ചെയ്യുന്ന പണിക്കാർ. ആശാരി, മൂശാരി, കരുവാൻ തുടങ്ങിയ കൈവേലക്കാരും കൈത്തൊഴിലുകാരും നാലാമത്തെ വിഭാഗത്തിൽ പെടുന്നു. ഒടുവിൽ പറഞ്ഞ രണ്ടു വിഭാഗക്കാരാണ് ഏറ്റവുമധികം ചൂഷണം ചെയ്യപ്പെട്ടിരുന്നത്. സമുദായത്തിന്റെ പൊതുകാര്യങ്ങൾ കൊണ്ടു നടത്താൻ സഭകൾ അല്ലെങ്കിൽ പഞ്ചായത്തുകൾ ഉണ്ടായിരുന്നു. അവയിൽ ഉയർന്ന വിഭാഗക്കാരുടെ പ്രതിനിധികൾക്കായിരുന്നു പ്രാധാന്യം. പൊതുഭരണത്തിനും പ്രവൃത്തിവിഭജനത്തിനും വിധേയമായി ജാതിയുടെ അടിസ്ഥാനത്തിലുള്ള സംഘടനകളുമുണ്ടായിരുന്നു.

## 8 ഹിന്ദുമതത്തിന്റെ ആവിർഭാവം

വർണ്ണവ്യവസ്ഥയിലെ ബ്രാഹ്മണമതവും അതിനെതിരായി ഉയർന്നുവന്ന ബൗദ്ധ–ജൈനമതങ്ങളും മധ്യകാലത്തെ ഈ കെട്ടിപ്പിണഞ്ഞ ഗ്രാമസമുദായ വ്യവസ്ഥയ്ക്ക് പറ്റിയവയായിരുന്നില്ല. പുതിയ ഉൽപ്പാദന ബന്ധങ്ങൾക്കും സാമ്പത്തിക സാമൂഹ്യജീവിത രീതികൾക്കും പറ്റിയ പുതിയൊരു മതവും വിശ്വാസ പ്രമാണങ്ങളും ആവശ്യമായിത്തീർന്നു. പ്രാചീന ബ്രാഹ്മണമതത്തിൽ നിന്നും ബൗദ്ധ–ജൈനമതങ്ങളിൽ നിന്നും ഭിന്നമായും അതേസമയത്തു തന്നെ അവയിലടങ്ങിയ പല ഘടകങ്ങളെയും ഉൾക്കൊണ്ടു കൊണ്ടും ഹിന്ദുമതം ആവിർഭവിച്ചത് ഈ ഘട്ടത്തിലാണ്. ഒരു വശത്ത് ക്ഷയിക്കാൻ തുടങ്ങിയ ബൗദ്ധ-ജ-നൈമതങ്ങൾക്കും സാംഖ്യ–ന്യായ–വൈശേഷികാദി ദർശനങ്ങളിലടങ്ങിയ ഭൗതികവാദ ചിന്തകൾക്കും എതിരായി പോരാടിക്കൊണ്ടും മറുവശത്ത് സാധാരണക്കാരായ ജനങ്ങളുടെയിടയിൽ രൂഢമൂലങ്ങളായി നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളുമായും ക്രിയാനുഷ്ഠാനങ്ങളുമായും ഇണങ്ങിച്ചേർന്നുകൊണ്ടുമാണ് ഹിന്ദുമതം ഉയർന്നുവന്നത്.

ചിലർ പ്രാചീന ബ്രാഹ്മണമതത്തെയും ഹിന്ദുമതത്തെയും തമ്മിൽ കൂട്ടിക്കുഴയ്ക്കാറുണ്ട്. രണ്ടും ഒന്നാണെന്ന് അവർ കരുതുന്നു. ചരിത്രപരമായ വീക്ഷണത്തിൽ രണ്ടും തമ്മിലുള്ള വ്യത്യാസം അവർ കണക്കിലെടുക്കുന്നില്ല. എന്നാൽ, ഇന്നു നാം അറിയുന്ന വിധത്തിലുള്ള ഹിന്ദുമതം വേദങ്ങളുടെ കാലത്തോ ഉപനിഷത്തുകളുടെ കാലത്തോ ഒരിടത്തുമുണ്ടായിരുന്നില്ല. പ്രാചീനദാർശനിക കൃതികളിലൊന്നും തന്നെ ‘ഹിന്ദു’ എന്ന പദം പോലും കാണാൻ കഴിയില്ല. സാരാംശത്തിൽ അത് മധ്യകാലത്തിന്റെ ഒരു സന്തതിയാണ്. എട്ടാം നൂറ്റാണ്ടിനു ശേഷമാണ് ‘ഹിന്ദു’ എന്ന പദം പ്രചാരത്തിൽ വന്നത്. ഇന്ദു (സിന്ധു) നദീതടത്തിൽ പാർത്തിരുന്നവർ ഹിന്ദുക്കൾ എന്നു വിളിക്കപ്പെടാൻ തുടങ്ങി. അറബികളുടെ ആക്രമണത്തെത്തുടർന്ന് ഇസ്ലാം മതാനുയായികൾ ഇന്ത്യയിലെത്തിയപ്പോഴാണ് ഈ പദത്തിന് പ്രത്യേകമായ ഒരർത്ഥം ലഭിച്ചത്. പുറമേ നിന്നു വന്ന മുസ്ലീങ്ങളുടെ മതവിശ്വാസങ്ങളും ഇന്ത്യയിൽ അവർ കീഴടക്കിയ പ്രദേശങ്ങളിലെ ജനങ്ങളുടെ മതവിശ്വാസങ്ങളും തമ്മിലുള്ള വ്യത്യാസം ഊന്നാൻ വേണ്ടി ‘ഹിന്ദു’ എന്ന പദം കൂടുതൽ കൂടുതൽ ഉപയോഗിക്കപ്പെടാൻ തുടങ്ങി

ഹിന്ദുമതത്തിലെ ആശയസംഹിതയും ആചാരങ്ങളും ചടങ്ങുകളുമെല്ലാം മധ്യകാലത്തെ ഗ്രാമസമുദായവ്യവസ്ഥയുടെ ഐക്യം നിലനിർത്താനും നാടുവാഴിത്തത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യബന്ധങ്ങളെ ഉറപ്പിക്കാനും സഹായിക്കുന്നവയായിരുന്നു. പ്രാചീന കാലത്തെ ബ്രാഹ്മണമതം വർണ്ണവ്യവസ്ഥയുടെ മതമാണെങ്കിൽ മധ്യകാലത്തെ ഹിന്ദുമതം നാടുവാഴിവ്യവസ്ഥയുടെ മതമാണെന്നു പറയാം. എങ്കിലും, ഹിന്ദുമതം ബ്രാഹ്മണമതത്തിൽ നിന്നു തികച്ചും വ്യത്യസ്തമായ ഒന്നാണെന്നു പറയാൻ വയ്യ. എന്തെന്നാൽ, പ്രാചീനങ്ങളായ ശ്രുതികളും സ്മൃതികളും തന്നെയായിരുന്നു ഹിന്ദുമതത്തിന്റെയും അടിസ്ഥാനപ്രമാണങ്ങൾ; പക്ഷേ, പഴയ പ്രമാണങ്ങൾക്കും സിദ്ധാന്തങ്ങൾക്കും മധ്യകാലത്തിനു യോജിച്ച പുതിയ വ്യാഖ്യാനങ്ങൾ നൽകപ്പെട്ടു. മതപരങ്ങളായ ആചാരങ്ങൾക്കും ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും പുതിയൊരു സാമൂഹ്യപ്രാധാന്യം കൈവന്നു.

നേരത്തേ സൂചിപ്പിച്ചതുപോലെ മധ്യകാലത്ത് സ്ഥാപിക്കപ്പെട്ട സാമ്രാജ്യങ്ങൾക്കുള്ളിൽ സാമൂഹ്യവളർച്ചയുടെ വ്യത്യസ്ത നിലവാരങ്ങളിലുള്ള ജനവിഭാഗങ്ങളുണ്ടായിരുന്നു. ചില ജനവിഭാഗങ്ങൾ ചാതുർവർണ്യത്തിലെ വർഗ്ഗവ്യത്യാസങ്ങളിൽ നിന്നു രക്ഷപെട്ടുകൊണ്ട് പഴയ കുലഗോത്രസമുദായങ്ങളിൽ തന്നെ ജീവിച്ചുപോന്നിരുന്നു. അവർക്ക് തങ്ങളുടേതായ കുലഗോത്രചിഹ്നങ്ങളും ആചാരവിശേഷങ്ങളും ചടങ്ങുകളും ബലികർമ്മങ്ങളുമുണ്ടായിരുന്നു. അവർ വൃക്ഷങ്ങളെയും മൃഗങ്ങളെയും ഭൂതങ്ങളെയും പ്രേതങ്ങളെയും സർപ്പങ്ങളെയും മറ്റും ആരാധിച്ചിരുന്നു. തങ്ങളുടെ സ്വന്തം ദൈവങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി കോഴിവെട്ട്, ആടുവെട്ട്, വെളിച്ചപ്പെടൽ, മന്ത്രവാദം മുതലായവ നടത്തിയിരുന്നു. പ്രാചീനകുലഗോത്രസമുദായങ്ങളുടെ ഇത്തരം വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം ഹിന്ദുമതം ഉൾക്കൊണ്ടു. അതോടൊപ്പം തന്നെ വർണ്ണവ്യവസ്ഥയിലെ പ്രധാനഘടകങ്ങളെയും ബൗദ്ധ–ജൈനമതങ്ങളിലെ അഹിംസ തുടങ്ങിയ തത്വങ്ങളെയും സ്വീകരിച്ചു. ഇങ്ങനെ വ്യത്യസ്തങ്ങളായ ആശയങ്ങളെയും അനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും സമന്വയിക്കാനും ഒരൊറ്റ സാമൂഹ്യലക്ഷ്യത്തിനുവേണ്ടി അവയെ പ്രയോജനപ്പെടുത്താനുമാണ് മധ്യകാലത്തെ ബ്രാഹ്മണപുരോഹിതന്മാർ ശ്രമിച്ചത്. ആര്യന്മാരുടെ ആഗമനത്തിനു മുമ്പു നിലനിന്നിരുന്ന പ്രാകൃതഗോത്രസമുദായങ്ങളുടെ സർവാത്മവാദത്തിന്റെ പാരമ്പര്യങ്ങളെയും വർണ്ണവ്യവസ്ഥയിലെ ബ്രാഹ്മണമതസിദ്ധാന്തങ്ങളെയും ബിംബാരാധനയുൾപ്പെടെയുള്ള ബൗദ്ധമതാചാരങ്ങളെയും എല്ലാം സമർത്ഥമായി കൂട്ടിയിണക്കിക്കൊണ്ട് നാനാമുഖവും സങ്കീർണ്ണവുമായ ഒരു മതഘടന അവർ കെട്ടിയുയർത്തി.

ഉപനിഷത്തുകളുടെ കാലത്തെ ചിന്തകന്മാർ വേദങ്ങളിലെ ബഹുദൈവവിശ്വാസങ്ങളിൽ നിന്ന് പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായ ഒരു വിരാട് പുരുഷനെയും ബ്രഹ്മം എന്ന അദ്വൈതമായ ഒരു പരമതത്വത്തെയും രൂപപ്പെടുത്തിക്കൊണ്ടു വരാൻ ശ്രമിച്ചത് നാം കാണുകയുണ്ടായല്ലോ. എന്നാൽ, മധ്യകാലത്ത് ഏകദൈവവിശ്വാസത്തോടൊപ്പം തന്നെ ബഹുദൈവവിശ്വാസത്തിനും പുതിയൊരു പ്രാധാന്യം ലഭിച്ചു. ദൈവങ്ങളിൽ മൂന്നുപേർ — ബ്രഹ്മാവ്, വിഷ്ണു, ശിവൻ — പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു മൗലികഭാവം കൈക്കൊണ്ടു. വേറെയും എണ്ണമറ്റ ദേവന്മാരും ദേവികളും രംഗപ്രവേശം ചെയ്തു. ഗ്രാമസമുദായത്തിന്റെ അടിസ്ഥാനത്തിലുള്ള കുലദേവതകൾക്കും പരദേവതകൾക്കും പ്രത്യേക പ്രാധാന്യമാണ് ലഭിച്ചത്. ഓരോ പ്രദേശത്തിനും ഓരോ സമുദായത്തിനും ഓരോ ജാതിക്കും അതിന്റേതായ ദൈവങ്ങളും വിശ്വാസങ്ങളും കർമ്മാനുഷ്ഠാനങ്ങളുമുണ്ടായിരുന്നു. ഉയർന്ന ജാതിക്കാരുടെ ദൈവങ്ങൾ താണ ജാതിക്കാരുടെ ദൈവങ്ങളേക്കാൾ ഉൽകൃഷ്ടങ്ങളായിട്ടാണ് കരുതപ്പെട്ടത് എന്നു പറയേണ്ടതില്ലല്ലോ. ഈ എണ്ണമറ്റ ദൈവങ്ങൾ പ്രാദേശികമായി ഒറ്റപ്പെട്ടു നിൽക്കാനുള്ള വാസനയെ പ്രോത്സാഹിപ്പിക്കുകയും ഗ്രാമസമുദായത്തിന്റെ അടിസ്ഥാനത്തിലുള്ള നാടുവാഴിത്തപരമായ ദേശവിഭജനങ്ങളെയും ജാതിവ്യവസ്ഥയെയും ഉറപ്പിക്കാൻ സഹായിക്കുകയും ചെയ്തു.

അഖിലേന്ത്യാടിസ്ഥാനത്തിൽ ഹിന്ദുമതത്തിനു മാർഗ്ഗദർശനം നൽകുവാനോ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ജീവിക്കുന്ന ഹിന്ദുമതാനുയായികളായ ജനലക്ഷങ്ങളുടെ ദൈനംദിന ജീവിതത്തെയും മതാചാരച്ചടങ്ങുകളെയും നിയന്ത്രിക്കുവാനോ കേന്ദ്രീകൃതമായ ഒരു സംഘടനയോ അധികാരശക്തിയോ ഉണ്ടായിരുന്നില്ല. മധ്യകാലയൂറോപ്പിലെ ക്രിസ്തുമതത്തിന് ഇതുണ്ടായിരുന്നു. വ്യവസ്ഥാപിതമായ പള്ളിയുടെ നേതൃത്വം വിളംബരം ചെയ്യുന്ന കേന്ദ്രനിയമമനുസരിച്ച് ജനങ്ങളുടെ ദൈനംദിന ജീവിതവും വിശ്വാസങ്ങളും നിയന്ത്രിക്കപ്പെട്ടിരുന്നു. ഹിന്ദുമതത്തിന്റെ സ്ഥിതി അതായിരുന്നില്ല. ഭൂതകാലത്തിൽ വേരൂന്നിക്കൊണ്ടു നിലനിന്നുപോന്ന പാരമ്പര്യങ്ങളും ആചാരങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ചാണ് ദൈനംദിനജീവിതം നിയന്ത്രിക്കപ്പെട്ടിരുന്നത്. അവയുടെ മേൽനോട്ടത്തിന് പ്രാദേശികസമിതികളും ജാതികളുടെ അടിസ്ഥാനത്തിലുള്ള പഞ്ചായത്തുകളുമുണ്ടായിരുന്നു. ജാതിവ്യവസ്ഥയായിരുന്നു ഹിന്ദുമതത്തിന്റെ കാതൽ.

## 9 ജാതിവ്യവസ്ഥ

വർണ്ണവ്യവസ്ഥയിലെ വർഗ്ഗവിഭജനം താരതമ്യേന ഋജ്ജുവും ലളിതവുമായിരുന്നു. അതിന്റെ സ്ഥാനത്ത് അങ്ങേയറ്റം സങ്കീർണ്ണവും അവാന്തരവിഭാഗങ്ങളോടു കൂടിയതുമായ ജാതിവ്യവസ്ഥ നിലവിൽ വന്നു. പഴയ ഗോത്രങ്ങളുടെയും വർണ്ണങ്ങളുടെയും തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള പുതിയ ജാതികളുടെയും ഒരു വിചിത്രസങ്കരമായിരുന്നു അത്.

വർണ്ണവ്യവസ്ഥയിൽ ജാതികളുണ്ടായിരുന്നില്ല; വർണ്ണങ്ങളേ ഉണ്ടായിരുന്നുള്ളൂ. മധ്യകാലത്തെ നാടുവാഴി വ്യവസ്ഥയിലാകട്ടെ, പഴയ നാലു വർണ്ണങ്ങളിൽ ബ്രാഹ്മണർ മാത്രമേ യഥാർത്ഥത്തിൽ ഒരു പ്രത്യേകജാതി എന്ന നിലയ്ക്ക് നിലനിൽക്കുകയുണ്ടായുള്ളൂ. മറ്റു വർഗ്ഗങ്ങൾക്ക് പ്രത്യേകവർഗ്ഗവിഭാഗങ്ങൾ എന്ന നിലയിലുള്ള സാമ്പത്തികപ്രാധാന്യം വളരെയേറെ നഷ്ടപ്പെട്ടു. അതിനുപകരം ഗ്രാമസമുദായത്തിലെ പ്രവൃത്തി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടനവധി ജാതികളും ഉപജാതികളും ജാതികൾക്കുള്ളിലെ അവാന്തരവിഭാഗങ്ങളും പ്രത്യക്ഷപ്പെട്ടു. ഏറ്റവും ഉയർന്ന ജാതിക്കാരായി കണക്കാക്കപ്പെട്ടത് ബ്രാഹ്മണരാണ്. എന്നാൽ അവർക്കിടയിൽ തന്നെയും ഉൾപ്പിരിവുകളുണ്ടായി. ആദ്യം അവർ പുരോഹിതന്മാർ, സാധാരണ ബ്രാഹ്മണർ എന്നിങ്ങനെ രണ്ടായി തിരിഞ്ഞു. പിന്നീട് പല ഉപജാതികളായി മാറി. ഓരോ ഉപജാതിക്കും സ്വന്തമായ ആചാരങ്ങളും ക്രിയാനുഷ്ഠാനങ്ങളുമുണ്ടായിരുന്നു. ജാതിവ്യവസ്ഥ വർണ്ണവ്യവസ്ഥയ്ക്കുള്ളിൽ മാത്രമല്ല അതിനു പുറത്തും പരന്നുപിടിച്ചു. വർണ്ണവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള ഭരണകൂടങ്ങളോടൊപ്പം ഭരണകൂടമില്ലാത്ത നിരവധി ഗോത്രസമുദായങ്ങളും നിലനിന്നുപോന്നതെങ്ങനെയെന്നു മുമ്പു ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ഈ ഗോത്രസമുദായങ്ങൾ മധ്യകാലത്തും വ്യത്യസ്ത ജാതികളെന്ന നിലയ്ക്ക് തങ്ങളുടെ പ്രത്യേകമായ അസ്തിത്വം നിലനിർത്താൻ ശ്രമിച്ചു. പ്രവൃത്തി വിഭജനമായിരുന്നു ഏറെക്കുറെ ഈ നിലനിൽപ്പിന്റെ അടിസ്ഥാനം. ചില ഗോത്രങ്ങൾ മുഖ്യമായും കൃഷിപ്പണിയിലാണേർപ്പെട്ടത്. ചില ഗോത്രങ്ങൾ പഴയ വേട്ടയിൽ തന്നെ ശ്രദ്ധിച്ചു. ചിലർ കന്നുകാലികളെ പോറ്റിവളർത്തി. മറ്റു ചിലർ മീൻപിടിത്തക്കാരായിരുന്നു. തോലുറയ്ക്കിടുന്നവർ, കുട്ടയും പായയും നെയ്യുന്നവർ എന്നിങ്ങനെ വിവിധ കൈത്തൊഴിലുകളിലേർപ്പെട്ട ഗോത്രങ്ങളുമുണ്ടായിരുന്നു. ഓരോ ഗോത്രവും സ്വന്തം തൊഴിലിൽ പ്രത്യേകനൈപുണ്യം സമ്പാദിച്ചു. സ്വന്തമായ ആരാധനാസമ്പ്രദായവും ആഭ്യന്തരസംഘടനയും ജാതിബന്ധങ്ങളും നിലനിർത്തി.

## 10 ഐക്യവും വൈവിധ്യവും

വാസ്തവത്തിൽ മധ്യകാലത്തെ ജാതിവ്യവസ്ഥ പ്രാകൃതമായ സാമൂഹ്യാദ്ധ്വാന വിഭജനത്തിന്റെ ഒരു കല്ലിച്ച രൂപമായിരുന്നു. പുതിയ പരതഃസ്ഥിതികളിൽ വ്യക്തികൾക്ക് തങ്ങളുടെ കുലത്തൊഴിൽ മാറ്റുവാനോ ഭൂതകാലത്തിലെ ആചാരങ്ങളിലൂടെയും കീഴ്വഴക്കങ്ങളിലൂടെയും ഉളവായ ജീവിതസാഹചര്യങ്ങൾ നീക്കുവാനോ കഴിയുമായിരുന്നില്ല. അതേസമയത്ത് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്തങ്ങളായ ആചാരങ്ങളും ചടങ്ങുകളും നിലനിന്നുപോന്നു. വിവിധജനവിഭാഗങ്ങളുടെ വികാസനിലവാരങ്ങളും ജീവിതരീതികളും വ്യത്യസ്തങ്ങളായിരുന്നു. ഈ വൈവിധ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും സങ്കീർണ്ണതകളെയും അംഗീകരിച്ചു കൊണ്ടല്ലാതെ എത്ര ശക്തനായ ചക്രവർത്തിക്കും ഒരു വിപുലമായ സാമ്രാജ്യം കെട്ടിപ്പടുക്കുക സാദ്ധ്യമായിരുന്നില്ല. വിട്ടുവീഴ്ചകൾ ചെയ്യാൻ ചക്രവർത്തിമാരും രാജാക്കന്മാരും തയ്യാറായിരുന്നുതാനും. എന്തെന്നാൽ, അവർക്കു തങ്ങളുടെ രാജ്യത്തിന്റെ പൊതുവിലുള്ള ഐക്യമായിരുന്നു പ്രധാനം. അതുകൊണ്ടുതന്നെയാണ് വ്യത്യസ്തജാതികളും ഉപജാതികളും പുലർത്തിപ്പോന്ന വിഭിന്നാചാരങ്ങളുടെ കാര്യത്തിൽ രാജാവ് കൈകടത്തരുത് എന്ന് ശുക്രനീതി അനുശാസിച്ചത്: “രാജ്യത്തിൽ, അല്ലെങ്കിൽ ജാതികളിലും വംശങ്ങളിലും, പ്രചാരത്തിലിരിക്കുന്ന ആചാരങ്ങളെയെല്ലാം അതേപടി നിലനിർത്തണം; മറിച്ചായാൽ ജനങ്ങൾ ഇളകിവശാവും”. [10] ശുക്രനീതി ചൂണ്ടിക്കാണിക്കുന്ന ആചാരവിശേഷങ്ങളിൽ ചിലത് വളരെ കൗതുകകരങ്ങളാണ്:

> “തെക്കൻ ദേശങ്ങളിൽ ബ്രാഹ്മണർ അമ്മാമന്റെ പുത്രിമാരെ വിവാഹം ചെയ്യുന്നു. മധ്യദേശത്ത് കൈവേലക്കാരും കലാകാരന്മാരും പശു മാംസം കഴിയ്ക്കുന്നവരാണ്; എല്ലാവരും മാംസഭോജികളാണ്; സ്ത്രീകൾ സ്വന്തം ഭർത്താക്കന്മാരല്ലാത്ത പുരുഷന്മാരുമായി സംയോഗത്തിലേർപ്പെടുന്നവരാണ്. ഖാസാ ദേശത്തിലെ ആളുകൾ സ്വയം സഹോദരന്മാരുടെ വിധവകളെ വിവാഹം കഴിക്കുന്നു. ഈ ജനതകൾ തങ്ങളുടെ നടപടികളുടെ പേരിൽ പ്രായശ്ചിത്തത്തിനു വിധേയരാവുകയോ ശിക്ഷാർഹരായിത്തീരുകയോ ചെയ്യുന്നില്ല”. [11]

---

10. ശുക്രനീതി IV. 5.
11. ശുക്രനീതി IV. 5.

## 11 കർമ്മവും പുനർജന്മവും

കാലാന്തരത്തിൽ ജാതിവ്യവസ്ഥ കൂടുതൽ കൂടുതൽ കർക്കശമായിത്തീർന്നു. ബ്രാഹ്മണന്റെ മകൻ എന്തു ചെയ്താലും ബ്രാഹ്മണൻ, കരുവാന്റെ മകൻ എല്ലാക്കാലത്തും കരുവാൻ, പറയന്റെ മകൻ പറയൻ – ഇതായിരുന്നു സ്ഥിതി. ഓരോ ജാതിക്കും സ്വന്തമായ സാമൂഹ്യാചാരങ്ങളുണ്ടായിരുന്നു. ഒരു ജാതിയിൽ പെട്ടവർക്ക് മറ്റു ജാതികളിൽ പെട്ടവരുമായി വിവാഹബന്ധങ്ങളിലേർപ്പെടാനോ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാനോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. കുലത്തൊഴിൽ, സ്വന്തം ജാതിയിൽ വിവാഹം, മിശ്രഭോജനനിരോധം മുതലായവ ഒഴിച്ചുകൂടാൻ വയ്യാത്തവയായിരുന്നു. ഓരോ ജാതിയും ഒറ്റപ്പെട്ട ഓരോ സാമൂഹ്യസാമ്പത്തിക വിഭാഗമായിരുന്നു. അതേസമയത്തുതന്നെ എല്ലാ ജാതികളും സമൂഹത്തിന്റെ അവിഭാജ്യഘടകങ്ങളുമായിരുന്നു. ഓരോ ജാതിക്കും ഉപജാതിക്കും പ്രത്യേകം പ്രത്യേകം ആചാരവിധികൾ നിശ്ചയിക്കപ്പെട്ടിരുന്നു. അവയുടെ ലംഘനം ശിക്ഷാർഹമായിരുന്നു. ജാതിഭ്രഷ്ടായിരുന്നു ഏറ്റവും കടുത്ത ശിക്ഷ. മാറ്റമില്ലാത്ത പ്രവൃത്തി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജാതിയും സാമൂഹ്യോൽപ്പാദന പ്രവർത്തനങ്ങളിൽ നിശ്ചിതമായ പങ്കു വഹിച്ചു. താണജാതികളിൽ പെട്ടവരുടെ അദ്ധ്വാനഫലം ഉയർന്ന ജാതികളിൽ പെട്ടവർക്ക് ചൂഷണം ചെയ്യാൻ പറ്റിയ വിധത്തിലായിരുന്നു പ്രവൃത്തിവിഭജനം. പ്രാചീനവർണ്ണാശ്രമ വ്യവസ്ഥയിൽ, അതിന്റെ പ്രാരംഭദശയിലെങ്കിലും, അയിത്തത്തിനും തൊട്ടുകൂടായ്മയ്ക്കും സ്ഥാനമുണ്ടായിരുന്നില്ല. മധ്യകാലത്താകട്ടെ, അവ ജാതിവ്യവസ്ഥയുടെ അവിഭാജ്യഘടകങ്ങളായിത്തീർന്നു. ജനങ്ങളെ ചൂഷണം ചെയ്ത് ഉപജീവനം കഴിച്ച പ്രമാണിമാർ മാന്യന്മാരായിട്ടാണ് കരുതപ്പെട്ടത്. കഠിനമായ കായികാദ്ധ്വാനം കൊണ്ട് സ്വന്തം ഉപജീവനം കഴിക്കുകയും മേൽജാതിക്കാരെ തീറ്റിപ്പോറ്റുകയും ചെയ്ത താണജാതിക്കാർ ഹീനന്മാരും അയിത്തക്കാരുമായും കണക്കാക്കപ്പെട്ടു.

ഇങ്ങനെയൊക്കെയാണെങ്കിലും ഒരു കാര്യം നിഷേധിക്കാൻ വയ്യ. മധ്യകാലത്തിലെ പ്രവൃത്തി വിഭജനത്തിന്റെ രൂപമായ ജാതിവ്യവസ്ഥ, അതിന്റെ പ്രാരംഭദശയിൽ, ചരിത്രപരമായി പ്രയോജനകരമായ ഒരു ധർമ്മം നിർവഹിക്കുകയുണ്ടായി. പക്ഷേ, സമുദായത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിക്കു വിഘാതമായിത്തീർന്നതിനു ശേഷവും അതിനെത്തന്നെ മുറുകെ പിടിച്ചുകൊണ്ടു നിലനിൽക്കാനാണ് ഹിന്ദുമതം പരിശ്രമിച്ചത്. ജാതിവ്യവസ്ഥയ്ക്കു മതപരമായ ഒരു പരിപാവനത കൽപ്പിക്കപ്പെട്ടു. പൗരാണികമായ കർമ്മനിയമവും പുനർജന്മസിദ്ധാന്തവും പുതിയ ജാതിവ്യവസ്ഥയുമായി കൂട്ടിയിണക്കപ്പെട്ടു. പുനർജന്മസിദ്ധാന്തം കർമ്മനിയമത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണ്. ജാത്യാചാരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് കർമ്മങ്ങൾ നല്ലതോ ചീത്തയോ എന്നു തീരുമാനിക്കപ്പെടുന്നത്. സൽക്കർമ്മങ്ങൾകൊണ്ടു മാത്രമേ ആത്മാവിനെ ജനനത്തിന്റെയും പുനർജന്മത്തിന്റെയും വലയിൽ നിന്ന് മോചിപ്പിക്കാൻ കഴിയുകയുള്ളൂ. അനന്തമായ ജനന–പുനർജനനശൃംഖല നിമിത്തമുണ്ടാകുന്ന പ്രാപഞ്ചികദുഃഖങ്ങളിൽ നിന്നുള്ള മോചനത്തിനാണ് മോക്ഷമെന്നു പറയുന്നത്. മോക്ഷമാണ് നിത്യാനന്ദം.

കർമ്മസിദ്ധാന്തമനുസരിച്ച് മനുഷ്യന്റെ സുഖദുഃഖങ്ങൾ ഇഹജന്മത്തിലോ പൂർവജന്മത്തിലോ ചെയ്ത കർമ്മങ്ങളുടെ അനിവാര്യഫലങ്ങളാണ്. ജാതിവ്യവസ്ഥയിലെ അസമത്വങ്ങളെ അവ സാധൂകരിക്കുന്നു. എന്തെന്നാൽ, ഓരോ വ്യക്തിയും തന്റെ പുനർജന്മത്തിൽ ചെയ്ത കർമ്മങ്ങളുടെ ഫലമായിട്ടാണ് ഉയർന്ന ജാതിയിലോ താണജാതിയിലോ ജനിക്കുന്നത്. സമുദായത്തിലെ മർദ്ദനങ്ങളെയും അനീതികളെയും ക്രൂരതകളെയും എതിർത്തു പോരാടുകയോ അവയെപ്പറ്റി പരാതിപ്പെടുകയോ ചെയ്യുന്നതുകൊണ്ടു പ്രയോജനമില്ല. എന്തെന്നാൽ, എല്ലാം കർമ്മഫലങ്ങളാണ്. അനശ്വരമായ ആത്മാവ് നശ്വരമായ ശരീരത്തിൽ നിന്നു വേർപെട്ടു പോകുമ്പോൾ അതിന്റെ കൂടെത്തന്നെ സൽക്കർമ്മങ്ങളുടെയും ദുഷ്കർമ്മങ്ങളുടെയും ഫലങ്ങളും ചെല്ലുന്നു. ആത്മാവിനെക്കുറിച്ചുള്ള പ്രാകൃതങ്ങളായ പ്രേതവിശ്വാസസങ്കൽപ്പങ്ങൾക്ക് ഹിന്ദുമതം പുതിയ ഊന്നലും പുതിയ അർത്ഥവും നൽകി. കർമ്മസിദ്ധാന്തം മനുഷ്യന്റെ മുഴുവൻ ജീവിതവ്യാപാരങ്ങളെയും സ്പർശിച്ചു. ഓരോരുത്തനും തന്റെ ജാതിക്കു വിധിച്ചിട്ടുള്ള ചുമതലകൾ നിർവഹിച്ചുകൊള്ളണം. ജാതിവ്യവസ്ഥയുടെ എല്ലാ നടപടിച്ചട്ടങ്ങളും അനുസരിച്ചു കൊള്ളണം. തൊട്ടുകൂടായ്മയെയോ തീണ്ടിക്കൂടായ്മയെയോ അവഗണിക്കുന്നവനെ ഉടൻതന്നെ ശിക്ഷിക്കണം. വേണ്ടിവന്നാൽ ജാതിഭ്രഷ്ടനാക്കണം. ഭ്രഷ്ട് ശിക്ഷ മരണത്തേക്കാൾ ഭയാവഹമായിരുന്നു.

മധ്യകാലത്തെ ഹിന്ദുമതപ്രമാണങ്ങൾ പഴയ ബ്രാഹ്മണമതത്തിലെയും ബുദ്ധമതത്തിലെയും പല സിദ്ധാന്തങ്ങളെയും സമർത്ഥമായി ഉപയോഗപ്പെടുത്തി. ആദ്യകാല ബ്രാഹ്മണർ മാംസം ഭക്ഷിക്കുക പതിവായിരുന്നു. പശുമാംസം പോലും ഭക്ഷിച്ചിരുന്നു എന്നാണ് ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ, മധ്യകാലത്തെ ബ്രാഹ്മണർ, ഇന്ത്യയിലെ മിക്ക സ്ഥലങ്ങളിലും, ബൗദ്ധ ജൈനസിദ്ധാന്തങ്ങളുടെ സ്വാധീനം കാരണം സസ്യഭുക്കുകളായി മാറി. വർണ്ണാശ്രമവ്യവസ്ഥയുടെ ആരംഭകാലത്ത് വിഗ്രഹാരാധനയ്ക്ക് സ്ഥാനമുണ്ടായിരുന്നില്ല. ഹിന്ദുമതത്തിലെ വിഗ്രഹാരാധന ബൗദ്ധന്മാരിൽ നിന്നു സ്വീകരിച്ചതാണ്. വർണ്ണാശ്രമവ്യവസ്ഥയുടെ കാലത്ത് നിലവിലില്ലാതിരുന്ന ക്ഷേത്രങ്ങൾ ബൗദ്ധവിഹാരങ്ങളുമായുള്ള മത്സരത്തിലൂടെയാണ് വർദ്ധിച്ചുകൊണ്ടുവന്നത്. ഹിന്ദു മതോത്സവങ്ങൾ, ആർഭാടത്തിന്റെ കാര്യത്തിൽ, ബുദ്ധമതഘോഷയാത്രകളെയും ഉത്സവങ്ങളെയും കവച്ചുവെച്ചു. അശോകന്റെ കാലം മുതൽക്കു തന്നെ ബൗദ്ധന്മാർക്കിടയിൽ പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥാടനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. ഹിന്ദുക്കൾ അതും അനുകരിച്ചു. ഇന്ത്യയിലെ മിക്ക ഭാഗങ്ങളിലും ഹിന്ദു ക്ഷേത്രങ്ങൾ ഉയർന്നുവന്നു. ഈ ആരാധനാസ്ഥലങ്ങളിൽ പ്രാർത്ഥനകളും പൂജകളും ഉത്സവങ്ങളും നൃത്തങ്ങളും സംഗീതകച്ചേരികളും സംഘടിക്കപ്പെട്ടു. ഭക്തജനങ്ങൾ അവയിൽ ധാരാളമായി പങ്കെടുക്കുകയും വഴിപാടുകൾ നൽകുകയും ചെയ്തു. ബ്രാഹ്മണപുരോഹിതന്മാരുടെ മേൽനോട്ടത്തിലുള്ള ആ ക്ഷേത്രങ്ങൾക്ക് പലരും ഭൂമി ദാനം ചെയ്തു. അങ്ങനെ പുരോഹിതന്മാരുടെ അന്തസ്സും സാമ്പത്തികശേഷിയും വർദ്ധിച്ചു. അവരാണ് സമുദായത്തിലെ ഉപരിവർഗ്ഗങ്ങളുടെ പ്രത്യേകാവകാശങ്ങൾ നിലനിർത്താൻ സഹായിച്ചത്. ജാതിവ്യവസ്ഥയെ സനാതനധർമ്മമാക്കി വ്യാഖ്യാനിച്ചുകൊണ്ട് അവർ സാധാരണക്കാരായ ജനങ്ങളോട് ദൈവത്തിൽ വിശ്വസിക്കാനും ഇഹലോകത്തിലെ മർദ്ദനങ്ങളും കഷ്ടപ്പാടുകളും ക്ഷമയോടെ സഹിക്കാനും ഉപദേശിച്ചു.

## 12 ശാസ്ത്രീയ–സാംസ്കാരിക പുരോഗതി

ഈ സാഹചര്യങ്ങളാണ് ഗ്രാമസാമൂഹ്യവ്യവസ്ഥയെ നൂറ്റാണ്ടുകളോളം നിശ്ചലമാക്കി നിലനിർത്തിയത്. ഉപരിതലത്തിലുണ്ടായ രാഷ്ട്രീയക്കോളിളക്കങ്ങളും രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും ഭാഗധേയങ്ങളിലുണ്ടായ മാറ്റങ്ങളും അടിത്തറയെ വളരെയൊന്നും ബാധിച്ചില്ല. ജാതികളുടെയും ഉപജാതികളുടെയും സങ്കീർണ്ണമായ വ്യവസ്ഥ യാതൊരു മാറ്റവും കൂടാതെ വളരെക്കാലം നിലനിന്നു.

ആദ്യകാലത്ത് ഈ സങ്കീർണ്ണമായ സാമൂഹ്യവ്യവസ്ഥ പുരോഗമനപരമായ ഒരു പങ്കു വഹിക്കുകയുണ്ടായി എന്നുകൂടി ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ഉൽപ്പാദനശക്തികളെ ഗണ്യമായി വികസിപ്പിക്കാനും സാഹിത്യം, കല, സംസ്കാരം, തത്വശാസ്ത്രം മുതലായവയെ വളർത്താനും അതു സഹായിക്കുകയുണ്ടായി. സുന്ദരങ്ങളായ ചിത്രങ്ങളോടും കൊത്തുപണികളോടും കൂടിയ അജന്ത, എല്ലോറ മുതലായ കേന്ദ്രങ്ങളും കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ട മനോഹരങ്ങളായ ക്ഷേത്രങ്ങളും അക്കാലത്തെ കൈവേലക്കാരുടെ കരവിരുതിനും കൽപ്പനാവൈഭവത്തിനും സാക്ഷ്യം വഹിക്കുന്നു. ഗണിതശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലുമുണ്ടായ ദൂരവ്യാപകങ്ങളായ കണ്ടുപിടിത്തങ്ങൾ പ്രത്യേകം എടുത്തുപറയത്തക്കവയാണ്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആര്യഭടൻ, വരാഹമിഹിരൻ എന്നിവരും ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബ്രഹ്മഗുപ്തനും ശാസ്ത്രത്തിനു നൽകിയ സംഭാവനകൾ മഹത്തരങ്ങളാണ്. ഭൂമി സ്വന്തം അച്ചുതണ്ടിലാണ് കറങ്ങുന്നത് എന്ന് അക്കാലത്ത് തന്നെ ഭാരതീയശാസ്ത്രജ്ഞന്മാർ പ്രഖ്യാപിക്കുകയുണ്ടായി. ഒമ്പതാം നൂറ്റാണ്ടിനു ശേഷം ശാസ്ത്രീയവും ഭൗതികവുമായ മണ്ഡലങ്ങളിൽ ഒരു മാന്ദ്യം നേരിട്ടു. എങ്കിലും ശ്രദ്ധേയങ്ങളായ ചില നേട്ടങ്ങൾ അതിനു ശേഷവും ഉണ്ടായിട്ടുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഭാസ്കരാചാര്യന്റെ സംഭാവന ഉദാഹരണമാണ്. “യൂറോപ്യൻ ഗണിതശാസ്ത്രത്തിന്റെ അസ്ഥിവാരം” [12] എന്ന് ഹോഗ്ബെൻ വിശേഷിപ്പിച്ച ചില ഉൽക്കൃഷ്ടകൃതികൾ ആ മഹാരഥന്റെ സംഭാവനകളാണ്.

ഒന്നാം നൂറ്റാണ്ടു മുതൽക്കേ തന്നെ സംസ്കൃതസാഹിത്യം അത്ഭുതപൂർവമായ സർഗാത്മകപ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകാൻ തുടങ്ങിയിരുന്നു. സംസ്കൃതത്തിലെ ആദ്യത്തെ മഹാകാവ്യം ബുദ്ധചരിതമാണെന്നു തോന്നുന്നു. ബുദ്ധന്റെ ജീവിതത്തെയും സിദ്ധാന്തങ്ങളെയും വിവരിക്കുന്ന ഈ കൃതി ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അശ്വഘോഷന്റേതാണ്. അശ്വഘോഷനു ശേഷം ഭാസനെപ്പോലും ശൂദ്രകനെപ്പോലെയുള്ള പ്രതിഭാശാലികളായ ഒട്ടനവധി കവികളും നാടകകൃത്തുക്കളുമുണ്ടായി. മഹാകവി കാളിദാസൻ നാലാം നൂറ്റാണ്ടിന്റെ അവസാനത്തിലോ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണ് ജീവിച്ചിരുന്നത് എന്നു കരുതപ്പെടുന്നു. നാടകങ്ങൾക്കും മഹാകാവ്യങ്ങൾക്കും വലിയൊരു മുന്നേറ്റമുണ്ടായത് ഈ കാലത്താണ്. ഏഴാം നൂറ്റാണ്ടിലെ രണ്ടു പ്രശസ്തകവികളാണ് ശ്രീഹർഷനും ഭവഭൂതിയും. ബാണന്റെ കാദംബരി എന്ന ഗദ്യകാവ്യം പുറത്തുവന്നതും ഏഴാം നൂറ്റാണ്ടിലാണ്. പക്ഷേ, ഒമ്പതാം നൂറ്റാണ്ടിനു ശേഷം സാഹിത്യപരവും കലാപരവുമായ രംഗങ്ങളിലും അധോഗതിയാണ് സംഭവിച്ചത്.

എന്നാൽ, മധ്യയുഗത്തിന്റെ അവസാനകാലം അധോഗതിയുടെ കാലമാണെന്നു മൊത്തത്തിൽ പറയുന്നതു ശരിയായിരിക്കുകയില്ല. എന്തെന്നാൽ, നാടുവാഴിത്തത്തിന്റെ അടിത്തറയായ ഗ്രാമസമുദായഘടനയ്ക്കുള്ളിൽ പല മാറ്റങ്ങളും സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ഉൽപ്പാദന വ്യവസ്ഥയ്ക്കെന്നപോലെ തന്നെ ജാതിവ്യവസ്ഥയ്ക്കും ഇളക്കം തട്ടി; ജാതിവ്യത്യാസങ്ങൾക്കും മതവ്യത്യാസങ്ങൾക്കുമെതിരായ പലതരം ചിന്താഗതികളും പ്രക്ഷോഭങ്ങളും ആവിർഭവിച്ചു. സംസ്കൃതസാഹിത്യത്തിനു തളർച്ച ബാധിച്ച ഈ ഘട്ടത്തിൽ തന്നെയാണ് പ്രാദേശികഭാഷകൾക്ക് ഒരു പുതിയ ഉത്തേജനം ലഭിച്ചത്. തത്വശാസ്ത്രത്തിന്റെ രംഗത്തിലും വലിയ മാറ്റങ്ങളുണ്ടായി.

തത്വശാസ്ത്രരംഗത്തിലുണ്ടായ മാറ്റങ്ങളെപ്പറ്റി അടുത്ത അദ്ധ്യായങ്ങളിൽ പ്രതിപാദിക്കാം.

---

12. Hogben: Mathematics for the Millions, P. 286.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10